ഇ9-17066/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
E Mail : swdkerala@gmail.com
ഫോൺ : 0471 2306040
തീയതി 06/9/2019

## പരിപത്രം

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന :-

ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി ചേർന്ന് തയ്യാറാക്കുന്ന സെലക്റ്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ജീവനക്കാർ തുടർച്ചയായ മൂന്ന വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കണമെന്ന് KS & SSR ചട്ടം 28(b) (i) (4) വ്യവസ്ഥ ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിലെ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരും ചുവടെ ചേർത്തിട്ടുള്ള നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരും ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി തുടർച്ചയായി മൂന്ന വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുണ്ട്.

1. ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II
2. ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II
3. ഡപ്യൂട്ടി സൂപ്രണ്ട് കം ഹെഡ് മാസ്റ്റർ ഗ്രേഡ് II
4. ഡപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II
5. സോഷ്യൽ സയന്റിസ്റ്റ്
6. സോഷ്യോളജിസ്റ്റ് സ്റ്റോർകീപ്പർ കം ലോജിസ്റ്റിക്ക് ഓഫീസർ
7. സൂപ്പർവൈസർ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ
8. ജൂനിയർ സൂപ്രണ്ട്
9. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II

ഈ സാഹചര്യത്തിൽ വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ എല്ലാ ജീവനക്കാരും മേൽപരാമർശിച്ച തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ജീവനക്കാരും 2016,2017,2018 വർഷങ്ങളിലേയും 2019 സെപ്റ്റംബർ മാസം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിംഗ് , റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി **01/10/2019** ന് **മുൻപായി** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളോടും സെൽഫ് അസ്സസ്സ്മെന്റ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ ഇനി

നൽകേണ്ടതില്ല. 2016,2017,2018 വർഷങ്ങളിലെ ഏതെങ്കിലും കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ അവശേഷിക്കുന്ന കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്. ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

അടുത്ത വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് 01/10/2020 ൽ സമർപ്പിക്കേണ്ടതാണ്. ആ സമയം 10/2019 മുതൽ 12/2019 വരെയും 01/2020 മുതൽ 09/2020 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കണം. തുടർന്നുള്ള വർഷങ്ങളിലും ഇതേ രീതിയിൽ ജീവനക്കാർ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം അയക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ട് ബന്ധപ്പെട്ട (ഇ9) സീറ്റിൽ ലഭിച്ചെന്ന് ജീവനക്കാർ ഉറപ്പാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്ത ജീവനക്കാരെ ഡിപിസി കൂടുമ്പോൾ പ്രൊമോഷന് പരിഗണിക്കുന്നതല്ല. ആയതിനാൽ ഓരോ ജീവനക്കാരനും യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രത്യേകശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ കാര്യാലയത്തിൽ ലഭ്യമാകുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും ബന്ധപ്പെട്ട ജീവനക്കാർ വെബ്സൈറ്റ് പരിശോധിച്ച് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമായ വിവരം ഉറപ്പു വരുത്തേണ്ടതുമാണ്. ജീവനക്കാർ തങ്ങളുടെ മൊബൈൽ ഫോൺ നമ്പരുകൾ കോൺഫിഡൻഷ്യൽ റിപ്പോർട്ടിനു മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

ബന്ധപ്പെട്ട ജീവനക്കാർക്ക്

**പകർപ്പ്**

1. ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
2. എല്ലാ കാര്യാലയമേധാവികൾക്കും
3. സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ
4. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
5. ഡയറക്ടറുടെ സിഎ യ്ക്ക്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.